ഉത്തരം

(എ) കാരണം വ്യക്തമല്ല.

(ബി) ഇല്ല.

(സി) ലഭ്യമായ കണക്കനുസരിച്ച് 1998 മുതൽ ദേശീയ മത്സരങ്ങളിൽ മെഡൽ നേടിയതിന് 2,28,500 രൂപ നൽകുവാനുണ്ടായിരുന്നു.

(ഡി) ശോഭിനിക്ക് ദേശീയ മത്സരങ്ങളിലും ദേശീയ ചാമ്പ്യൻഷിപ്പുകളിലും മെഡൽ നേടിയതിനു അർഹതപ്പെട്ട 3,78,500 രൂപ ശോഭിനിയുടെ പിതാവിന്റെ പേരിൽ 7-12-2004-ൽ നൽകിയിട്ടുണ്ട്.

സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം

30 (1067) ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുണ്ടയാട് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്പോർട്സ് കോംപ്ലക്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) എപ്പോൾ നിർമ്മാണം തുടങ്ങി എപ്പോൾ പൂർത്തീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോംപ്ലക്സിന്റെ നിർമ്മാണത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള 16.20 ഏക്കർ സ്ഥലം കായിക യുവജനകാര്യ വകുപ്പിന്റെ പേർക്ക് കൈമാറ്റം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു.

(ബി) സ്ഥലം ലഭിക്കുന്ന മുറയ്ക്ക് സ്പോർട്സ് കോംപ്ലക്സിന്റെ പണി ആരംഭിക്കുന്നതാണ്.

കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകൾ

31 (1071) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച സബ് രജിസ്ട്രാർ ആഫീസുകളിൽ കുടിക്കട സർട്ടിഫിക്കറ്റ് പോലുള്ളവ എത്ര ദിവസത്തിനകം വിതരണം ചെയ്യാൻ കഴിയുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉത്തരം അനുബന്ധമായി കൊടുത്തിട്ടുണ്ട്*.

(ബി) 13 വർഷം വരെയുള്ള ബാധ്യത, സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്നതിന്റെ അടുത്ത ദിവസം തന്നെ നൽകാൻ കഴിയുന്നുണ്ട്. 13 വർഷത്തിനു മുകളിലുള്ളവ 'മാനുവൽ' ആയി തെരച്ചിൽ നടത്തേണ്ടി വരുന്നതിനാൽ പ്രസ്തുത സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിന് 5 ദിവസം വരെ കാലയളവ് വേണ്ടി വരുന്നുണ്ട്.

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ആഫീസുകൾ

32 (1072) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി സബ് രജിസ്ട്രാർ ആഫീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര സബ് രജിസ്ട്രാർ ആഫീസുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതുതായി സബ് രജിസ്ട്രാർ ആഫീസുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) ഇനി പുതുതായി സബ് രജിസ്ട്രാർ ആഫീസുകൾ എവിടെയെല്ലാമാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) പുതുതായി സബ് രജിസ്ട്രാർ ആഫീസുകൾ ആരംഭിച്ചിട്ടില്ല.

(സി) പൊതുജനാവശ്യവും ഭരണപരമായ സൗകര്യവും കണക്കിലെടുത്തു കൊണ്ട് സാമ്പത്തിക സ്ഥിതി അനുവദിക്കുന്ന രീതിയിലാണ് പുതിയ ആഫീസുകൾ തുടങ്ങുന്നത്.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

രജിസ്ട്രേഷൻ നിബന്ധനകളും നിരക്കുകളും

33 (1073) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വസ്തുകൈമാറ്റ രേഖകൾ, ആധാരങ്ങൾ, കരാറുകൾ, വിവാഹങ്ങൾ, വാടകക്കരാറുകൾ എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധനകളും ഫീസ് നിരക്കുകളും സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly